**No. CEE/4012/PGM-2017/TA3**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2017 ബയോമെട്രിക് പരിശോധന തീയതി നിശ്ചയിച്ചു

2017 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കും ബയോമെട്രിക് പരിശോധന ഉണ്ടായിരിക്കുന്നതാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ആൾ ഇന്ത്യാ ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ, സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകൾ, കൽപിത സർവകലാശാലയും ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികളും **2017 മെയ് 30-ാം** തീയതി **രാവിലെ 9.30** ന് **തിരിവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഭാഗ്യമാല ആഡിറ്റോറിയത്തിൽ** ബയോമെട്രിക് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് 28.05.2017 നും ബിരുദാനന്തര ബിരുദ ഡെന്റൽ വിദ്യാർത്ഥികൾക്ക് 29.05.2017 നും **തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിലെ ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടക്കുന്ന സ്പോട്ട് അഡ്മിഷൻ സമയത്ത് അഡ്മിഷൻ ലഭിച്ചവർക്കുള്ള ബയോമെട്രിക് പരിശോധ ഉണ്ടായിരിക്കുന്നതാണ്.

ബയോമെട്രിക് പരിശോധനയ്ക്ക് ഹാജരാക്കേണ്ട രേഖകൾ

1) പാൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/വോട്ടേഴ്സ് കാർഡ്/പാസ്പോർട്ട്/ആധാർ കാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഒറിജിനൽ
2) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നടത്തിയ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ
3) പാസ്പോർട്ട് സൈസ് ഫോട്ടോ (നീറ്റ് പി.ജി യ്ക്ക് അപ്‌ലോഡ് ചെയ്ത ഫോട്ടോ)

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26.05.2017